**അനെർട്ട്, വികാസ് ഭവൻ പി. ഒ., തിരുവനന്തപുരം 695033**
ടെലഫോൺ: 0471-2338077, ഫാക്സ്: 2329853, ഇമെയിൽ: director@anert.in, www.anert.gov.in

# "സോളാർ സ്മാർട്ട് "
# 1-5 കിലോവാട്ട് സൗരഗൃഹ പദ്ധതി 2017-18

പരിപത്രം നമ്പർ : *ANERT-TECH/19/2017-100(ASP)*

## പദ്ധതിലക്ഷ്യം

1 മുതൽ 5 വരെ കിലോവാട്ട് സ്ഥാപിതശേഷിയുള്ള സൌരോർജ്ജനിലയങ്ങൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി- ഉണഭോക്താവിന്റെ കെട്ടിടമേൽക്കൂര നിലയം സ്ഥാപിക്കുന്നതിനു സാങ്കേതികമായി അനുയോജ്യമെങ്കിൽ, കേന്ദ്ര സർക്കാരിന്റെ ധനസഹായത്തോട്ടുകൂടി സൌരോർജ്ജ നിലയങ്ങൾ സ്ഥാപിക്കാവുന്നതാണ്. ഗാർഹിക ഉപഭോക്താക്കൾക്ക് അപേക്ഷിക്കാവുന്ന കപ്പാസിറ്റി 3 കിലോവാട്ട് വരെയായി നിജപ്പെടുത്തിയിട്ടുണ്ട്. മറ്റു വിഭാഗങ്ങൾക്ക് 5 കിലോവാട്ട് വരെ അപേക്ഷിക്കാവുന്നതാണ്.

## പദ്ധതി വിശദാംശങ്ങൾ

### 1. പൊതുവായ വിവരങ്ങൾ

- ഈ പദ്ധതിയിൽ സ്ഥാപിക്കുന്ന സൌരവൈദ്യുതോത്പ്പാദന നിലയങ്ങൾ ബാറ്ററിയോടു കൂടിയുള്ളതും വൈദ്യുത ശൃംഖലയുമായി ബന്ധിപ്പിക്കാത്ത തരത്തിലുള്ളതുമായിരിക്കും.
- 1 കിലോവാട്ടിന് ഏകദേശം 3 മുതൽ 3.5 യൂണിറ്റ് വൈദ്യുതിയാണ് (കാലാവസ്ഥയ്ക്കനുസൃതമായി) ദിനംപ്രതി ഉപയോഗത്തിന് ലഭിക്കാവുന്നത്.
- പ്രസ്തുത സൌരോർജ്ജ നിലയത്തിന് 5 വർഷത്തെ വാറന്റി ലഭ്യമായിരിക്കും.
- വ്യവസ്ഥകൾക്കും നിബന്ധനകൾക്കും മാറ്റം വരുത്തുന്നതിനുള്ള അവകാശം സർക്കാർ/അനെർട്ട് -ൽ നിക്ഷിപ്തമായിരിക്കും.

### 2. സൌരോർജ്ജ നിലയങ്ങൾ സ്ഥാപിക്കുന്നതിനായി ഉണ്ടായിരിക്കേണ്ട അടിസ്ഥാന സൌകര്യങ്ങൾ.

- സൌരോർജ്ജ നിലയം സ്ഥാപിക്കുന്നതിന് കുറഞ്ഞത് ഓരോ കിലോവാട്ടിനും 10 ചതുരശ്ര മീറ്ററെങ്കിലും നിഴൽരഹിതമായ സ്ഥലം കെട്ടിടത്തിന്റെ മേൽക്കൂരയിൽ ഉണ്ടായിരിക്കണം.
- ബാറ്ററിയും ഇൻവെർട്ടറും സ്ഥാപിക്കുന്നതിന് വായുസഞ്ചാരമുള്ളതും ഈർപ്പരഹിതവും സുരക്ഷിതവും സൌരോർജ്ജ നിലയത്തിൽ നിന്നും വളരെ അകലെയല്ലാത്തതുമായ സ്ഥലം ആവശ്യമാണ്.
- മേൽക്കൂരയിൽ സ്ഥാപിക്കുന്ന സോളാർപാനലുകൾ ഇടയ്ക്കിടെ കഴുകി വൃത്തിയാക്കേണ്ടതാണ്, അതിനുള്ള വെള്ളം ലഭിക്കുന്നതിനും, സുരക്ഷിതമായി മേൽക്കൂരമേൽ കയറി ജോലിചെയ്യുന്നതിനും സൌകര്യമുണ്ടായിരിക്കണം.

3. **ഉപകരണസംവിധാന വില, ഇളവ്/സാമ്പത്തിക സഹായം എന്നിവയുടെ വിവരങ്ങൾ**

- സൌരോർജ്ജ നിലയം സ്ഥാപിക്കുന്നതിന് ഏകദേശ ചെലവ് ഉപയോഗിക്കുന്ന ബാറ്ററിയുടെ കപ്പാസിറ്റിക്ക് അനുസൃതമായി താഴെ പറയും പ്രകാരമായിരിക്കും

| ക്രമ നം. | ബാറ്ററി കപ്പാസിറ്റി (/kW) | ഏകദേശ വില (/kW) | കിട്ടാവുന്ന ഏറ്റവും കൂടിയ സബ്സിഡി (/kW) | സബ്സിഡി കഴിഞ്ഞുള്ള ഏകദേശ വില (/kW) |
|---|---|---|---|---|
| 1 | 7200Wh | 135000 | 40500 | 94500 |
| 2 | 3600Wh | 108000 | 32400 | 75600 |
| 3 | 1200Wh | 90000 | 27000 | 63000 |

4. **അപേക്ഷ സമർപ്പിക്കുന്നതിനുള്ള നിബന്ധനകൾ**

- അപേക്ഷഫോമുകൾ അനെർട്ടിന്റെ വെബ്സൈറ്റായ www.anert.gov.in-ൽ നിന്നും ലഭ്യമായ ലിങ്ക് വഴി സമർപ്പിക്കാവുന്നതാണ്. അപേക്ഷകൾ വെബ്സൈറ്റ് വഴി സമർപ്പിച്ചശേഷം, 1000/- രൂപയുടെ ഡി.ഡി (ഡയറക്ടർ, അനെർട്ട്, തിരുവനന്തപുരം എന്ന പേരിൽ മാറാവുന്നത്) അനെർട്ടിന്റെ ആസ്ഥാനമന്ദിരത്തിൽ നേരിട്ടോ തപാലിലോ സമർപ്പിക്കേണ്ടതാണ്.
- മതിയായ അപേക്ഷ ഫീസ് സമർപ്പിച്ചതിന്റെ രസീത്/ഡി.ഡി കൈപ്പറ്റുരേഖ, സ്വന്തം മേൽവിലാസം എഴുതിയതും 5 രൂപ സ്റ്റാമ്പ് പതിച്ചതുമായ കവർ എന്നിവ സഹിതം **ഡയറക്ടർ, അനെർട്ട്, വികാസ് ഭവൻ (പി.ഒ), തിരുവനന്തപുരം 695033** എന്ന മേൽവിലാസത്തിലേക്കാണ് അയച്ചു തരേണ്ടത്.
- അപേക്ഷാ ഫീസ് നിശ്ചിത കാലാവധിക്കുള്ളിൽ ലഭിക്കാത്ത പക്ഷം പ്രസ്തുത അപേക്ഷ നിരസിക്കുന്നതാണ്.
- അപേക്ഷകൾ ഫീസ് അനെർട്ടിന്റെ ആസ്ഥാന മന്ദിരത്തിൽ ലഭിക്കുന്ന മുൻഗണനാക്രമത്തിലായിരിക്കും ധനസഹായത്തിനായി അപേക്ഷകരെ പരിഗണിക്കുന്നത്. ജില്ല തിരിച്ചുള്ള ടാർജറ്റ് ആവശ്യമെങ്കിൽ ഏർപ്പെടുത്തുന്നതാണ്.
- അപേക്ഷയോടൊപ്പമുള്ള അനുമതിപത്രത്തിൽ അപേക്ഷകരുടെ രജിസ്ട്രേഷൻ നമ്പർ അനുവദിച്ചു നൽകുന്നതാണ്.
- രജിസ്ട്രേഷൻ മറ്റൊരു ഗുണഭോക്താവിന്റെ സ്ഥലം/കെട്ടിടം എന്നിവയിലേയ്ക്ക് മാറ്റിക്കൊടുക്കുന്നതല്ല.
- അനെർട്ടിന്റെ ഭാഗത്ത് നിന്നുള്ള വീഴ്ചയുണ്ടാവുന്ന സാഹചര്യത്തിൽ അല്ലാതെ മറ്റൊരു കാരണവശാലും അപേക്ഷാഫീസ് തിരികെ നല്കുന്നതല്ല.

5. **പ്ലാന്റിന്റെ ശേഷിയും സ്ഥാപിക്കുന്നതിനുള്ള നടപടിക്രമങ്ങളും**

- ഈ പദ്ധതിയിൽ സ്ഥാപിക്കുന്ന സൌരവൈദ്യുതോത്പ്പാദന നിലയങ്ങളുടെ ശേഷിയെ സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു. ഗുണഭോക്താവിന്റെ ആവശ്യകതയും സ്ഥലത്തിന്റെ ലഭ്യതയും അനുസൃതമായാണ് സ്ഥാപിക്കേണ്ടുന്ന പ്ലാന്റിന്റെ ശേഷി തെരഞ്ഞെടുക്കേണ്ടത്.

| പ്ലാന്റിന്റെ ശേഷി | ബാറ്ററിയുടെ ശേഷി 1 | ബാറ്ററിയുടെ ശേഷി 2 * | ബാറ്ററിയുടെ ശേഷി 3 |
|---|---|---|---|
| 1000 W | 7200 Wh | 3600 Wh | 1200Wh |
| 2000 W | 14400 Wh | 7200 Wh | 2400Wh |
| 3000 W | 21600 Wh | 10800 Wh | 3600Wh |
| 5000 W | 36000 Wh | 18000 Wh | 6000Wh |

* മുഖ്യമായും പകൽസമയത്തെ ഉപയോഗം മാത്രമുള്ള ഗുണഭോക്താക്കൾക്കാണ് ഈ കുറഞ്ഞ ബാറ്ററിശേഷി സ്വീകരിക്കാവുന്നത്. അങ്ങനെയുള്ള നിലയങ്ങൾക്ക് ആവശ്യമായ ആകെ ചെലവും ലഭ്യമാക്കാവുന്ന കേന്ദ്രസർക്കാർ ധനസഹായവും ഒന്നാമത് ഓപ്ഷനേക്കാൾ കുറവായിരിക്കും.

- സൌരോർജ്ജനിലയം സ്ഥാപിക്കുന്നതിനുള്ള അനുമതിപത്രത്തിൽ അംഗീകരിച്ചിട്ടുള്ള കമ്പനികളുടെ പേരും അതാത് കമ്പനികളുടെ പദ്ധതി നിർവഹണചെലവും സംബന്ധിച്ച വിവരങ്ങൾ ഉണ്ടായിരിക്കും. ഇത് അനെർട്ടിന്റെ വെബ്ബ് സൈറ്റിലും ലഭ്യമാക്കിയിരിക്കും.
- ഗുണഭോക്താവിന് അനെർട്ട് പ്രസിദ്ധീകരിക്കുന്ന പട്ടികയിൽ നിന്നും താൽപര്യമുള്ള ഏതൊരു കമ്പനിയെയും സ്വതന്ത്രമായി തീരുമാനിക്കാവുന്നതാണ്. കമ്പനിയെ തിരഞ്ഞെടുക്കാനുള്ള പൂർണ്ണ ഉത്തരവാദിത്വം ഉപഭോക്താവിൽ നിക്ഷിപ്തമായിരിക്കും. തെരഞ്ഞെടുത്ത കമ്പനിക്ക് ഗുണഭോക്താവ് ഒരു നിശ്ചിത മാതൃകയിലുള്ള വർക്ക് ഓർഡർ നൽകേണ്ടതുണ്ട്. പ്രസ്തുത വർക്ക് ഓർഡറിന്റെ ഒരു പകർപ്പ്, പദ്ധതിനിർവഹണം ആരംഭിക്കുന്നതിന് മുൻപ് അനെർട്ടിലേക്ക് നൽകണം. സൌരോർജ്ജനിലയം സ്ഥാപിച്ചു കഴിഞ്ഞാൽ അനെർട്ട് സാങ്കേതിക പരിശോധന നടത്തുന്നതാണ്. സൌരനിലയത്തിന്റെ പ്രതിഷ്ഠാപനത്തിനായി ഗുണഭോക്താവിൽ നിന്നും ഏജൻസി ധനസഹായം കഴിച്ചുള്ള തുക മാത്രം ഈടാക്കേണ്ടതും, ഗുണഭോക്താവ് ധനസഹായം അനെർട്ടിൽ നിന്നും കൈപ്പറ്റുന്നതിന് ഏജൻസിയെ അധികാരപ്പെടുത്തേണ്ടതുമാണ്.
- അനുമതിപത്രം ലഭിച്ച് കഴിഞ്ഞ് രണ്ട് മാസത്തിനുള്ളിൽ സൌരോർജ്ജനിലയം സ്ഥാപിച്ച് കമ്മീഷൻ ചെയ്യേണ്ടതാണ്.

## 6. വാറന്റിയും പരിപാലനവും

- സൗരവൈദ്യുതനിലയം സ്ഥാപിക്കുന്ന എംപാനൽഡ് ഏജൻസി പ്രസ്തുത നിലയത്തിന് വാറന്റി ഉറപ്പാക്കുന്നതാണ്. നിലയത്തിന് പൊതുവായി 5 വർഷത്തെ സമഗ്ര വാറന്റിയാണ് ഉണ്ടാവുക. സൗരമോഡ്യൂളിന് അതിന്റെ ഉയർന്ന വൈദ്യുതോത്പാദന ശേഷി, 10വർഷത്തെ പ്രവർത്തനകാലം പൂർത്തിയാക്കുമ്പോൾ 90%-ത്തിൽ കുറയരുതെന്നും 25വർഷത്തെ പ്രവർത്തനകാലം പൂർത്തിയാക്കുമ്പോഴും 80% ശേഷി ഉണ്ടാകണമെന്നുമുള്ള പെർഫോമൻസ് വാറന്റിയും ഉണ്ടായിരിക്കും.
- സ്ഥാപിച്ച നിലയം ചുരുങ്ങിയത് 5 വർഷത്തേക്കെങ്കിലും ശരിയായി സൂക്ഷിക്കുകയും അറ്റകുറ്റപ്പണികൾ ആവശ്യാനുസരണം നടത്തി ഉപയോഗിക്കുകയും വേണം. അല്ലാത്തപക്ഷം ലഭിച്ച സബ്സിഡി തിരികെ അടക്കേണ്ടതായി വരുന്നതാണ്. ഗുണഭോക്താവ് ഈ നിബന്ധന അംഗീകരിക്കുന്ന ഒരു ധാരണാപത്രം അനെർട്ടിന് നൽകുന്ന മുറയ്ക്ക് മാത്രമാണ് അവർക്കുള്ള സർക്കാർ ധനസഹായം അനുവദിച്ചു നൽകുക.
- ഈ പദ്ധതിയിൽ സ്ഥാപിക്കുന്ന സൗരവൈദ്യുതോത്പാദന നിലയങ്ങൾക്ക് ഗുണഭോക്താവ്, MNRE-യിൽ നിന്ന് മറ്റൊരു തരത്തിലുള്ള സബ്സിഡിയും വാങ്ങാൻ പാടില്ല. ആയതുമായി ബന്ധപ്പെട്ട ധാരണാപത്രം ഗുണഭോക്താവ് പദ്ധതി പൂർത്തീകരണ രേഖയ്ക്കും സബ്സിഡി ക്ലെയ്മിനും ഒപ്പം അനെർട്ടിന് നൽകേണ്ടതാണ്.
- സ്ഥാപിച്ച സൗരവൈദ്യുതോത്പാദന നിലയത്തിന്റെ പ്രവർത്തന ക്ഷമതയുടെ വിവരങ്ങൾ ഗുണഭോക്താവ് നിശ്ചിത ഇടവേളകളിൽ അനെർട്ടിനെ അറിയിക്കുകയും

ആവശ്യമുള്ളപ്പോൾ പ്രസ്തുത നിലയം പരിശോധിക്കാൻ അനെർട്ടിന്റെ അഥവാ MNRE-യുടെ ഓഫീസർമാരെ അനുവദിക്കേണ്ടതുമാണ്.

ഡയറക്ടർ

# <u>അനുമതിപത്രം</u>

അനെർട്ട് **2017-18** *പദ്ധതിയിൽ* നടപ്പാക്കുന്ന "സോളാർ സ്മാർട്ട് " 1-5 kWp സൌരഗൃഹപദ്ധതിയിൽ പേരു രജിസ്റ്റർ ചെയ്യുന്നതിനുള്ള അപേക്ഷാഫീസായ 1000/- രൂപയുടെ ഡിഡിയും അഞ്ചു രൂപയുടെ സ്റ്റാമ്പ് ഒട്ടിച്ച മേൽവിലാസമെഴുതിയ കവറും ഇതോടൊപ്പം സമർപ്പിക്കുന്നു.

| | |
|---|---|
| അപേക്ഷകന്റെ പേര്: | |
| അപേക്ഷ തീയതി: | |
| ജില്ല: | |
| ഡി.ഡി. നമ്പർ: | |
| തീയതി: | |
| ബാങ്ക് : | |
| തുക : | ₹ 1000/- (ആയിരം രൂപ മാത്രം) |

(അപേക്ഷിക്കുന്നയാൾ പൂരിപ്പിച്ചിരിക്കേണ്ട ഭാഗം)

താങ്കൾക്ക് അനുവദിച്ചിട്ടുള്ള രജിസ്റ്ററേഷൻ നമ്പർ ചുവടെ ചേർക്കുന്നു. ഭാവിയിലെ ആശയവിനിമയങ്ങളിൽ പ്രസ്തുത രജിസ്റ്ററേഷൻ നമ്പർ നൽകേണ്ടതാണ്.

| | |
|---|---|
| രജിസ്റ്ററേഷൻ നമ്പർ : | |
| രജിസ്റ്ററേഷൻ തീയതി : | |

(അനെർട്ട് പൂരിപ്പിക്കേണ്ട ഭാഗം)

ഡയറക്ടർ,
അനെർട്ട്, വികാസ്ഭവൻ പി.ഒ.,
തിരുവനന്തപുരം - 695 033

സ്വീകർത്താവ്

| |
|---|
| |

(ഇവിടെ അപേക്ഷിക്കുന്നയാൾ സ്വന്തം മേൽവിലാസം പിൻകോഡ് സഹിതം പൂർണ്ണമായി എഴുതേണ്ടതാണ് )